**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5889** **25-03-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിലെ കാലോചിതമായി പരിഷ്കരിക്കേണ്ട നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിലെ കാലോചിതമായി പരിഷ്കരിക്കേണ്ട നിയമങ്ങൾ പരിഷ്കരിക്കുവാൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും, യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിരുന്നു. ഇത് കണക്കിലെടുത്ത്, ബിസിനസ്സുമായി ബന്ധപ്പെട്ട എല്ലാ നിയമനിർമ്മാണങ്ങളും സൂക്ഷ്മമായി പരിശോധിക്കുന്നതിനും, കാലഹരണപ്പെട്ട വ്യവസ്ഥകളിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുന്നതിനും, അനാവശ്യ നിയമങ്ങൾ റദ്ദാക്കുന്നതിനും, ബിസിനസ്സ് നിയമങ്ങളിലെ ക്രിമിനൽ വ്യവസ്ഥകളിൽ ആവശ്യമായവ ക്രിമിനൽരഹിതമാക്കുന്നതിനുമായി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ വൈസ് ചാൻസിലറായ ഡോ. കെ. സി. സണ്ണിയുടെ അധ്യക്ഷതയിൽ, 26.07.2021-ലെ ഉത്തരവ് G.O.(Rt) No.770/2021/ID പ്രകാരം സർക്കാർ ഒരു എക്സ്റ്റേണൽ കമ്മിറ്റിയെ നിയോഗിച്ചിരുന്നു.<br><br>വ്യവസായ സമൂഹവും, വിവിധ വ്യവസായ അസോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും, ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും, കുറ്റകരമായ നടപടികളിൽ ആവശ്യമായവ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചു. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നിലവിലുള്ള 12 നിയമങ്ങൾ, 14 ചട്ടങ്ങൾ, എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശകളോടെയാണ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത്. ഇതിനെത്തുടർന്ന് നിയമനിർമ്മാണ പരിഷ്കാരങ്ങൾ ചർച്ച ചെയ്യുന്നതിനും |

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്നതിനുമായി വിവിധ വകുപ്പുതല വർക്കിംഗ് കമ്മിറ്റികളും രൂപീകരിച്ചിരുന്നു.<br><br>പ്രസ്തുത കമ്മറ്റി സമർപ്പിച്ച പരിഷ്കരണ ശിപാർശകളുമായി ബന്ധപ്പെട്ട്, നിലവിൽ, 2020-ലെ കേരള സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങളിലും, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും നിയമത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട പരിഷ്കരണങ്ങൾ, നിലവിൽ അതത് വകുപ്പുകളുടെ പരിഗണനയിലാണ്. |
| (ബി) | സംരംഭകർക്കും നിക്ഷേപകർക്കും കൂടുതൽ പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ നിയമ/ ചട്ട പരിഷ്കാരങ്ങൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | സംരംഭകർക്കും നിക്ഷേപകർക്കും കൂടുതൽ പ്രോത്സാഹനം നൽകുന്നതിനായി വിവിധ നിയമ/ ചട്ടങ്ങളിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉണ്ടായ ആദ്യ പരിഷ്കരണമാണ് കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം 2018. പഞ്ചായത്ത് രാജ്/മുനിസിപ്പൽ ആക്ട്, ഉൾപ്പെടെ 7 നിയമങ്ങളും 10 ചട്ടങ്ങളും ഭേദഗതി ചെയ്തു കൊണ്ടാണ് ഈ നിയമം സംസ്ഥാനത്ത് കൊണ്ട് വന്നത്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ വികസിപ്പിച്ചു.<br><br>1999 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും നിയമം വഴി കേരളത്തിൽ വ്യവസായങ്ങൾക്കായുള്ള ഏകജാലക ലൈസൻസ് സംവിധാനം നിലവിലുണ്ട്. ഈ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ 2018 ലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം വഴിയും 2019 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ആക്ട് വഴിയും ഉണ്ടായിട്ടുണ്ട്. ഈ നിയമത്തിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കേരളാ സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡും, ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല ഏകജാലക ക്ലിയറൻസ് ബോർഡുകളും നിലവിലുണ്ട്. 15 കോടിയുടെ നിക്ഷേപം വരുന്ന പദ്ധതികൾ തുടങ്ങുന്നവർക്ക് ജില്ലാ ബോർഡിനെയും അതിനുമുകളിൽ നിക്ഷേപം വരുന്ന പദ്ധതികൾ ആരംഭിക്കുന്നതിനു സംസ്ഥാന |

ബോർഡിനെയും ആണ് സമീപിക്കേണ്ടത്. ഇവ കൂടാതെ വ്യവസായ പ്രദേശങ്ങളിലും ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ വേഗത്തിൽ സുതാര്യമായി ലഭ്യമാക്കുന്നതിന് ഏകജാലക സംവിധാനം സംരംഭകരെ സഹായിക്കുന്നു.

വ്യവസായ വകുപ്പിന്റെ ചരിത്രത്തിലെ മറ്റൊരു പ്രധാനപ്പെട്ട നിയമമാണ് 2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ഇതര വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം. ഈ നിയമപ്രകാരം, പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ- ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനാനുമതി ഉൾപ്പെടെയുള്ള സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് മൂന്ന് വർഷം 6 മാസത്തേയ്ക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. ഈ നിയമ പ്രകാരം ലഭിക്കുന്ന തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ഉപയോഗിച്ച് കെട്ടിട നമ്പർ ലഭിയ്ക്കാത്ത കെട്ടിടത്തിൽ സംരംഭം തുടങ്ങുന്നതിന് സാധിക്കുന്നതാണ്. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് കെട്ടിടത്തിനു നൽകപ്പെട്ട താൽക്കാലിക നമ്പരായി ഉപയോഗിക്കാവുന്നതുമാണ്.

പ്രസ്തുത ആക്ട് പ്രകാരം സംസ്ഥാനത്ത് ഇതര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ അംഗീകാരം ഒരിക്കൽ നൽകി കഴിഞ്ഞാൽ ആയത് നൽകിയ തീയതി മുതൽ 5 വർഷ കാലയളവിലേക്ക് അതിന് സാധുത ഉണ്ടായിരിക്കുന്നതും അംഗീകാരം ലഭിച്ച് ഒരു വർഷത്തിനകം ഓരോ ഇതര വ്യവസായ സ്ഥാപനവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിൽ ബന്ധപ്പെട്ട ആക്ടുകളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട്, ഒരു സാക്ഷ്യപത്രം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതും പ്രസ്തുത അംഗീകാരം പുതുക്കുന്നത് ആവശ്യമായി വരുന്ന സംഗതികളിൽ, പ്രസ്തുത അംഗീകാരം അവസാനിക്കുന്നതിന് 3 മാസം മുമ്പ് ആയത് പുതുക്കുന്നതിനായി ഒരു അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ഓൺലൈനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകേണ്ടതും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ആയത് പുതുക്കി നൽകേണ്ടതുമാണ്.

| | | | |
|---|---|---|---|
| | | | സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022 ലെ 19 നമ്പർ ആക്ട് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം 5) ന്റെ ഭേദഗതി വഴി പരാതി പരിഹാര സംവിധാനം നിലവിൽ വന്നു. ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ